DESPATCHED
On. 22/06/2020

5.2.20.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2707** *(7)/2013/എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **17893**/*എസ്.ഐ.സി-ജി 6/13*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഐ.വി.തമ്പാൻ,
അരോളി വീട്, പുല്ലൂപ്പി പാറപ്രം,
പി.ഒ. കണ്ണാടിപ്പറമ്പ്, കണ്ണൂർ,
പിൻ – 670 604.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
   കണ്ണൂർ.

2. അപ്പീൽ അധികാരി,
   റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
   കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 16.08.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.09.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 29.09.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 21.01.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 11.12.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 18.12.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ഐ.വി.തമ്പാൻ, 11.12.2013ന്

സമർപ്പിച്ച അപ്പീൽ ഹർജി 18.12.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2707(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് യാതൊരു നടപടിയും സ്വീകരിക്കാത്തതിനാൽ അപ്പീൽ സമർപ്പിച്ചുവെന്നും ഒരു മാസം കഴിഞ്ഞിട്ടും ടിയാന്റെ പരാതിയിൽ നടപടി സ്വീകരിച്ചില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 16.08.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാൻ 18.07.213ന് ഒരു പരാതി സമർപ്പിച്ചിരുന്നുവെന്നും ടി പരാതിയിന്മേൽ സ്വീകരിച്ച നടപടി വിവരം നൽകണമെന്നും നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്നും ടി ഓഫീസിൽ ഒരു പരാതി സമർപ്പിച്ചാൽ പ്രസ്തുത പരാതിയിൽ നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ കാലദൈർഘ്യം എത്രയാണെന്ന് വ്യക്തമാക്കണമെന്നുമാണ്. ആയതിന് 09.09.2013ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 21.01.2014ന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

4. ഒന്നാം എതിർകക്ഷി 21.01.2014ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 16.08.2013ന് സമർപ്പിച്ച അപേക്ഷയ്ക്ക് 09.09.2013ന് മറുപടി നൽകുകയും ടി മറുപടി 'Not Known' എന്ന റിമാർക്സ് സഹിതം പോസ്റ്റൽ അതോറിറ്റി തിരിച്ചയച്ചുവെന്നുമാണ്. ടി പരാതിയിന്മേൽ സനോജ് സി. എന്ന ബസ് കണ്ടക്ടറെ കൂടിക്കാഴ്ചയ്ക്ക് വിളിക്കുകയും ടിയാൻ കുറ്റം സമ്മതിക്കുകയും ഇത്തരം നടപടികൾ ആവർത്തിക്കില്ലെന്ന് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 100 രൂപ പിഴ ഒടുക്കാൻ ഉത്തരവാകുകയും പിഴ ഒടുക്കി രസീത് ഹാജരാക്കുകയും ചെയ്തുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, സീനിയർ സിറ്റിസണിന്റെ സീറ്റിനെ സംബന്ധിച്ചാണ് അപേക്ഷ നൽകിയതെന്നും ആയതിന് 20 ദിവസം കഴിഞ്ഞിട്ടും മറുപടി നൽകിയിട്ടില്ലെന്നും 09.09.2013ന് നൽകിയെന്നു പറയുന്ന മറുപടി ടിയാന്

ലഭിച്ചിട്ടില്ലെന്നുമാണ്. എന്നാൽ 03.04.2019ന് ഹിയറിംഗിനു ഹാജരാകാൻ അറിയിപ്പു നൽകിയിട്ട് ടിയാൻ ഹാജരായില്ലെന്നു ഒന്നാം എതിർകക്ഷി കമ്മീഷനു മൊഴി നൽകി. ഒന്നാം എതിർകക്ഷി നൽകിയ മറുപടി ഹർജിക്കാരന് ലഭ്യമായിട്ടില്ലെന്നു അറിയിച്ച സാഹചര്യത്തിൽ ആയതിന്റെ പകർപ്പും അപ്പീലിന്റെ മറുപടിയും റിപ്പോർട്ടും ഹർജിക്കാരന് ഒരിയ്ക്കൽ കൂടി അയച്ചു നൽകണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശ പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 05–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/